LIBRARY ARCHIVES Kerala Legislative Assembly

കൊട്ടമൺ പ്ലാന്റേഷനിലുള്ള റബ്ബർ ഫാക്ടറിയിലെ സ്ഫോടനം

192 (3478) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടമൺ പ്ലാന്റേഷനിലുള്ള റബ്ബർ ഫാക്ടറിയിൽ 11-4-2013-ൽ ഉണ്ടായ സ്ഫോടനവുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയിട്ടുള്ള അന്വേഷണ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത സ്ഫോടനവുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പേര് വിവരം സഹിതം വ്യക്തമാക്കുമോ ?

ഉത്തരം

(എ) മെഷിനറി തകരാർ 11-4-2013-ൽ അല്ല മറിച്ച് 11-4-2012-ലാണ് സംഭവിച്ചത്. പ്രാഥമിക അന്വേഷണത്തിൽ വൈദ്യുതി തകരാർ മൂലമാണ് മെഷീൻ പൊട്ടിത്തെറിച്ചത് എന്നായിരുന്നു നിഗമനമെങ്കിലും കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിൽനിന്നും വെസ്റ്റ്ഫാലിയ മെഷീന്റെ ബ്രേക്ക് ഡൗൺ ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുന്നതിനായുള്ള നടപടി അന്തിമഘട്ടത്തിലാണ്. ആയത് ലഭിച്ചതിനുശേഷം മാത്രമേ യന്ത്രഭാഗങ്ങൾ വിശദപരിശോധന നടത്തി കാരണം വിശകലനം ചെയ്യാൻ സാധിക്കുകയുള്ളൂ.

(ബി) പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ തകരാറുമായി ബന്ധപ്പെട്ട കാരണങ്ങളാൽ പൊട്ടിത്തെറി ഉണ്ടായ സാഹചര്യം വച്ച് അന്ന് ഫാക്ടറിയിൽ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്തിരുന്ന ശ്രീ. എ. ഇ. രാജേഷിനെ (അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ) ജോലിയിൽനിന്നും പിരിച്ചുവിടുകയുണ്ടായി.

കർഷകരെ സഹായിക്കുന്നതിന് പ്രഖ്യാപിച്ച പാക്കേജുകൾ

193 (3479) ശ്രീ. എസ്. ശർമ്മ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷകരെ സഹായിക്കുന്നതിന് പ്രഖ്യാപിച്ച പാക്കേജുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ആയതിൽ ഏതൊക്കെ പാക്കേജുകൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ആനുകൂല്യം എത്ര കർഷകർക്ക് ലഭിച്ചുവെന്ന് പാക്കേജ് തിരിച്ചും ജില്ല തിരിച്ചും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രത്യേക പാക്കേജുകൾ ഒന്നുംതന്നെ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ കൃഷി അനുബന്ധ മേഖലകളിലെ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 2012-13 സാമ്പത്തിക വർഷം മുതൽ വയനാട് പാക്കേജ് എന്ന പേരിൽ സംസ്ഥാന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഒരു സമഗ്ര വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) വയനാട് പാക്കേജ് എന്ന പേരിലുള്ള സംസ്ഥാന പ്ലാൻ പദ്ധതി 2012-13 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. വയനാട് പാക്കേജ് പദ്ധതി പ്രകാരം 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലായി 120284 കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് നടപടി

194 (3480) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജൈവകൃഷി വ്യാപിക്കുന്നതിന് പദ്ധതിയുണ്ടോ ; വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലേക്കാണ് ജൈവകൃഷി വ്യാപിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം വിളകൾക്കാണ് ഇത്തരത്തിലുള്ള കൃഷി രീതി ഉപയോഗ പ്രദമാക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 10-2-2010-ലെ സ.ഉ.(പി) 39/10/കൃഷി പ്രകാരം സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് ജൈവകൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കൃഷി ചെയ്യുവരുന്ന വിളകൾക്കും അവ കൃഷി ചെയ്യുന്ന സ്ഥലത്തിനും ഊന്നൽ നൽകി ഘട്ടംഘട്ടമായി കേരളത്തെ ഒരു സമ്പൂർണ്ണ ജൈവ സംസ്ഥാനമാക്കി മാറ്റുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനുമുന്നോടിയായി സമ്പൂർണ്ണ ജൈവകാർഷിക സംസ്ഥാനം എന്ന പരിപാടിയുടെ നടത്തിപ്പ് ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തുതല കാർഷിക വികസന സമിതി യോഗങ്ങൾ, പഞ്ചായത്തുതല കാർഷകരുടെ യോഗങ്ങൾ, വിവരശേഖരണം, എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ ഓരോ

LIBRARY ARCHIVES Kerala Legislative Assembly